(ഡി) 2014-15 വർഷത്തിലേക്ക് കോഴിക്കോട് ജില്ലയിൽ നിന്നും ഒരു പദ്ധതിയുടെയും അപേക്ഷ ലഭിച്ചിട്ടില്ല. കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഈ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിപ്പിക്കുകയും സമിതിയുടെ റിപ്പോർട്ടിന്മേൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിബന്ധനകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പി. & എ.ആർ.ഡി. വർക്ക് സ്റ്റഡി വിഭാഗത്തിന്റെ റിപ്പോർട്ടുകൾ

61 (6208) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. & എ.ആർ.ഡി. വർക്ക് സ്റ്റഡി വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത വിഭാഗം എത്ര വകുപ്പുകളിൽ വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം വകുപ്പുകളാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. & എ.ആർ.ഡി.യുടെ വർക്ക്സ്റ്റഡി വിഭാഗത്തിൽ നിലവിൽ 2 അണ്ടർസെക്രട്ടറി 10 സെക്ഷൻ ഓഫീസർ, 20 അസിസ്റ്റന്റ് 3 കമ്പ്യൂട്ടർ അസിസ്റ്റന്റ് 5 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 40 പേർ ജോലി ചെയ്യുന്നു. കൂടാതെ വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടത്തിനായി ഒരു ജോയിന്റ് സെക്രട്ടറി 2 അഡീഷണൽ സെക്രട്ടറി എന്നിവർ കൂടിയുണ്ട്. ഇവർ പി. & എ.ആർ.ഡി.-യിലെ മറ്റ് സെക്ഷനുകളിലെ ചുമതലകൾക്ക് പുറമേയാണ് വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടവും വഹിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം താഴെപ്പറയുന്ന 10 വകുപ്പുകളിൽ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട് :

1. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ്
2. സഹകരണ ആർബിട്രേഷൻ കോടതി
3. ഭൂഗർഭജല വകുപ്പ്
4. ഡ്രഗ്സ് കൺട്രോൾ വകുപ്പ്
5. അഡ്വക്കേറ്റ് ജനറൽ ഓഫീസ്
6. സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

7. സൈനിക ക്ഷേമ വകുപ്പ്

8. സെക്രട്ടേറിയറ്റിലെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം

9. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

10. ടൂറിസം വകുപ്പ് (സെക്രട്ടേറിയറ്റ്)

(സി) വർക്ക്സ്റ്റഡി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളും ഭരണ വകുപ്പുകളും ആണ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷന്റെ ഉത്തരവ്

62 (6209) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ 3-1-2014-ലെ സ.ഉ (പി) നമ്പർ 1/2014/ഉ.ഭ.പ.വ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 3-1-2014-ലെ സ.ഉ (പി) നം.1/2014/ഉ.ഭ.പ.വ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമാണ്.

ഭരണ പരിഷ്കാര കമ്മീഷൻ

63 (6210) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗം ലഭിക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും ആവശ്യമായ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്ക് ഒരു ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നിയമിക്കപ്പെടുന്ന കമ്മീഷൻ ആറ് മാസത്തിനകം റിപ്പോർട്ട് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ മുഖേന സമയ ബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേക്കുമായി 2012 നവംബർ 1-ാം തീയതി മുതൽ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ഉം ആയതിന്റെ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യം പഠിക്കുന്നതിലേക്ക് പുതുതായി ഒരു ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly